# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2657 — 20.06.2013 - ൽ മറുപടിക്ക്

## ബഡ്സ് സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ദാസൻ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ എത്ര ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് എന്നും അത് ഏതെല്ലാമെന്നും എവിടെയെല്ലാം എന്നും വ്യക്തമാക്കാമോ; | (എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ കൊയിലാണ്ടി നഗരസഭയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചു വരുന്ന "സൗഹൃദ സ്പെഷ്യൽ സ്കൂൾ" മാത്രമാണ് ഉള്ളത്. ഈ സ്കൂളിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ രജിസ്ട്രേഷൻ ലഭിച്ചിട്ടില്ല. രജിസ്ട്രേഷൻ ലഭിച്ച ബഡ്സ് സ്കൂൾ കൊയിലാണ്ടി നിയോജക മണ്ഡലത്തിന്റെ പരിധിയിലില്ല. എന്നാൽ കോഴിക്കോട് റവന്യൂ ജില്ലയിൽ ചോറോട്, വില്യാപ്പള്ളി, ഒഞ്ചിയം, ഏറാമല, മാവൂർ, ഫറോക്ക്, കാവിലുംപാറ, കുറുവട്ടൂർ എന്നീ പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ ബഡ്സ് സ്കൂളുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സ്കൂളുകൾക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. |
| (ബി) ബഡ്സ് സ്കൂളുകളിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം? | (ബി) മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലനവും തൊഴിൽ പരിശീലനവും ബഡ്സ് സ്കൂളുകളിൽ നൽകി വരുന്നു. അംഗീകൃത ബഡ്സ് സ്കൂളുകൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന സാമ്പത്തിക സഹായം നൽകുന്നുണ്ട്. ബഡ്സ് സ്കൂളുകൾക്ക് ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുന്നതും അവയുടെ നടത്തിപ്പു ചുമതലയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. പ്രസ്തുത സ്കൂളുകൾക്കായുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും നടപ്പിലാക്കുന്നതും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടാണ്. |

സെക്ഷൻ ഓഫീസർ.